5. റൂൾസ് പ്രകാരം നിർദ്ദേശിച്ചിട്ടുള്ള രജിസ്റ്ററുകൾ സ്ഥാപനം സൂക്ഷിക്കേണ്ടതാണ്.

6. സ്ഥാപനം ഈ ഗ്രാന്റ്-ഇൻ-എയ്ഡിൽ ഉൾപ്പെട്ട കുട്ടികൾക്ക് വേണ്ടി മറ്റ് സംസ്ഥാന കേന്ദ്ര ലോക്കൽ സെൽഫ് ഗവൺമെന്റുകളിൽ നിന്ന് ബോർഡിംഗ് ചാർജ്ജ് സ്വീകരിക്കുവാൻ പാടുള്ളതല്ല.

7. വിദേശ സഹായം പറ്റുന്ന സ്ഥാപനം ആയത് സംബന്ധിച്ച വിവരം അപേക്ഷയോടൊപ്പം തരേണ്ടതാണ്. ബോർഡിംഗ് ചാർജ്ജ് ഇനത്തിൽ സർക്കാരിൽ നിന്ന് ലഭിക്കുന്നതും വിദേശത്ത് നിന്നും ലഭിക്കുന്നതുമായ തുക ഒരു അന്തേവാസിക്ക് പ്രതിമാസം 1,500 രൂപയിൽ കവിയുന്ന പക്ഷം അധികം വരുന്ന തുക ഗ്രാന്റിൽ കുറവ് ചെയ്യുന്നതാണ്.

(ബി) ഇക്കാര്യം സംബന്ധിച്ച് സാമൂഹികനീതി വകുപ്പ് ഡയറക്ടർ ലഭ്യമാക്കിയ ശിപാർശയിൽ നടപടി സ്വീകരിച്ചുവരുന്നു. വിവിധ ജില്ലകളിലെ വിവിധ സ്ഥാപനങ്ങളിലെ അന്തേവാസികൾക്ക് ഗ്രാന്റ് അനുവദിക്കുന്നതും ചില സ്ഥാപനങ്ങളിലെ അന്തേവാസികളുടെ എണ്ണം വർദ്ധിപ്പിക്കുന്നതും സംബന്ധിച്ച വിഷയമാണ് സാമൂഹിക നീതി ഡയറക്ടറുടെ DSJ/0/682/15 നമ്പർ ഫയലിൽ കൈകാര്യം ചെയ്യുന്നത്. പുതിയ ചില ഓർഫനേജുകൾക്ക് ഗ്രാന്റ് നൽകുന്ന വിഷയത്തിന്മേൽ കൂടുതൽ വ്യക്തതയുണ്ടാകുന്നതിനായി വിശദമായ റിപ്പോർട്ട് സാമൂഹിക നീതി ഡയറക്ടറോടും ഓർഫനേജ് കൺട്രോൾ ബോർഡ് മെമ്പർ സെക്രട്ടറിയോടും 19-9-2015-ലെ 8218/C1/15/സാ.നീ.വ. നമ്പർ കത്ത് മുഖേന ആവശ്യപ്പെട്ടിരിക്കുകയാണ്.

വയോജന നയം

305(1684) ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വയോജന നയം പ്രഖ്യാപിക്കപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത നയത്തിൽ പറയുന്ന കാര്യങ്ങൾ പ്രാവർത്തികമാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് എന്നറിയിക്കാമോ;

(സി) വയോജനങ്ങൾക്കായി പ്രഖ്യാപിക്കുന്ന ആനുകൂല്യങ്ങൾ ഏകോപനത്തിന്റെ അപര്യാപ്തതമൂലം നടപ്പാക്കാൻ കഴിയുന്നില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) ഇത് പരിഹരിക്കാൻ സർക്കാർ തലത്തിൽ നടപടികൾ സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) മുതിർന്ന പൗരന്മാർക്കുവേണ്ടിയുള്ള സംസ്ഥാന നയം 2013-ൽ പ്രഖ്യാപിച്ചിട്ടുണ്ട്.

(ബി) സംസ്ഥാന നയത്തിൽ പറയുന്ന കാര്യങ്ങൾ പ്രാവർത്തികമാക്കുവാൻ വിവിധ വകുപ്പുകളെ ഏകോപിപ്പിച്ചുകൊണ്ടുള്ള ഒരു കർമ്മ പദ്ധതിക്ക് രൂപം നൽകിവരുന്നു.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ഡി) സംസ്ഥാന വയോജന കൗൺസിൽ, ജില്ലാതല കൗൺസിൽ, വിവിധ വകുപ്പുകളുടെ സെക്രട്ടറിതല യോഗം തുടങ്ങിയവകൂടി ഏകോപന പ്രശ്നങ്ങൾ പരിഹരിക്കാറുണ്ട്.

മംഗല്യ സഹായ നിധി

306(1685) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മംഗല്യ സഹായ നിധി പദ്ധതിയുടെ വിശദാംശം നൽകുമോ;

(ബി) ഇതിനായി ഫണ്ട് സ്വരൂപിയ്ക്കാൻ എന്തെല്ലാം മാർഗ്ഗങ്ങളാണ് ആവിഷ്കരിച്ചിട്ടുള്ളത്;

(സി) ഇതിലേയ്ക്കായി ഏതെങ്കിലും ലോട്ടറി നടപ്പിലാക്കുന്നതിന് ഉദ്ദേശിയ്ക്കുന്നുണ്ടോ; വിശദവിവരം നൽകുമോ?

ഉത്തരം

(എ-സി) വിവരം ശേഖരിച്ചുനൽകുന്നതാണ്.

ആശ്വാസ കിരണം പദ്ധതി

307(1686) ശ്രീ. റ്റി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സാമൂഹ്യ സുരക്ഷാമിഷൻ മുഖേന നടപ്പിലാക്കി വരുന്ന ആശ്വാസ കിരണം പദ്ധതിയുടെ വിശദാംശം നൽകാമോ;

(ബി) സംസ്ഥാനത്ത് ആശ്വാസ കിരണം പദ്ധതിയിൽ സഹായ ധനം ലഭിക്കുന്നതിന് ലഭിച്ച എത്ര അപേക്ഷകളിന്മേൽ തീരുമാനം എടുക്കാൻ ബാക്കിയുണ്ട്;

LIBRARY ARCHIVES Kerala Legislative Assembly